തുഞ്ചത്തെഴുത്തച്ഛൻ
**മലയാളസർവകലാശാല**
വാക്കാട്, തിരൂർ-676 502, ഫോൺ:0494-2631230

നം. 125/2019/പ.വി                                                   തീയതി: 27/04/2023

# ബിരുദാനന്തരബിരുദ കോഴ്സുകളിലേക്കുള്ള വിജ്ഞാപനം

തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാല 2023-24 അധ്യയനവർഷം ആരംഭിക്കുന്ന താഴെപ്പറയുന്ന ബിരുദാനന്തരബിരുദ കോഴ്സുകളിലേക്കുള്ള പ്രവേശനം സംബന്ധിച്ച് പ്രസിദ്ധീകരിക്കുന്ന വിജ്ഞാപനം.

1. എം.എ. ഭാഷാശാസ്ത്രം
2. എം.എ. മലയാളം (സാഹിത്യപഠനം)
3. എം.എ. മലയാളം (സാഹിത്യരചന)
4. എം.എ. മലയാളം (സംസ്കാരപൈതൃകം)
5. എം.എ. ജേണലിസം & മാസ് കമ്മ്യൂണിക്കേഷൻസ്
6. എം.എ. പരിസ്ഥിതിപഠനം, എം.എസ്സി പരിസ്ഥിതിപഠനം
7. എം.എ. വികസനപഠനവും തദ്ദേശവികസനവും
8. എം.എ. ചരിത്രപഠനം
9. എം.എ. സോഷ്യോളജി
10. എം.എ. ചലച്ചിത്രപഠനം
11. എം.എ. താരതമ്യസാഹിത്യ-വിവർത്തനപഠനം

- ഓരോ കോഴ്സിലും പരമാവധി 20 പേർക്കാണ് പ്രവേശനം നൽകുക. (പ്രവേശനത്തിന് സർക്കാർ അംഗീകരിച്ച സംവരണക്രമം പാലിക്കപ്പെടും)
- നാലു സെമസ്റ്ററുകളിലായി രണ്ടു വർഷം ദൈർഘ്യമുള്ളതാണ് ഈ കോഴ്സുകൾ. കോഴ്സുകളിൽ പ്രവേശനം നേടുന്നതിനുള്ള അടിസ്ഥാനയോഗ്യത ഏതെങ്കിലും അംഗീകൃത സർവകലാശാലയിൽ നിന്നും നേടിയ ബിരുദമായിരിക്കും. ബിരുദപരീക്ഷയുടെ ഫലം പ്രതീക്ഷിക്കുന്നവർക്കും അപേക്ഷിക്കാവുന്നതാണ്. **എം.എസ്സി പരിസ്ഥിതിപഠന കോഴ്സിന് പ്ലസ്ടു തലത്തിൽ സയൻസ് പഠിച്ചിട്ടുള്ള ഏത് ബിരുദധാരികൾക്കും** അപേക്ഷിക്കാവുന്നതാണ്.
- **അപേക്ഷകർ 2023 ഏപ്രിൽ 01ന്** 28 വയസ്സ് കഴിഞ്ഞവരാകരുത്. (പട്ടികജാതി/പട്ടികവർഗ്ഗം/ഭിന്നശേഷിയുള്ളവർ എന്നിവർക്ക് 30 വയസ്സ് വരെയാകാം).
- **ഓരോ കോഴ്സിനും അഭിരുചി നിർണയിക്കുന്ന പ്രവേശനപ്പരീക്ഷ എഴുതേണ്ടതാണ്. ഒരാൾക്ക് പരമാവധി രണ്ട് കോഴ്സുകൾക്ക് പ്രവേശനപ്പരീക്ഷ എഴുതാവുന്നതാണ്. രണ്ടു കോഴ്സുകൾക്ക് പ്രവേശനപ്പരീക്ഷ എഴുതുന്നവർ ഓരോ കോഴ്സിനും പ്രത്യേകം ഫീസ് അടക്കേണ്ടതാണ്.**
- സാഹിത്യരചനാകോഴ്സിന് അപേക്ഷിക്കുന്നവർ അഞ്ചു പുറത്തിൽ കവിയാത്ത അവരുടെ ഏതെങ്കിലും രചന (ഒരു കഥ/രണ്ട് കവിത/നിരൂപണം) നിർബന്ധമായും അഭിരുചിപ്പരീക്ഷാസമയത്ത് കൊണ്ടുവരികയും പരീക്ഷയുടെ ഉത്തരക്കടലാസിനൊപ്പം സമർപ്പിക്കുകയും ചെയ്യേണ്ടതാണ്. (പ്രസ്തുത രചനയിൽ പേര് എഴുതാൻ പാടില്ല.) ഇത് മൂല്യനിർണയത്തിൽ പരിഗണിക്കും. (20 ശതമാനം)

- വയസിളവിനും സംവരണാനുകൂല്യത്തിനും അർഹതയുള്ളവർ / അത് തെളിയിക്കുന്ന രേഖകൾ, നോൺക്രിമിലയർ സർട്ടിഫിക്കറ്റ്, ബിരുദപരീക്ഷയുടെ മാർക്ക്ലിസ്റ്റ് എന്നിവയുടെ അസ്സൽ പ്രവേശനസമയത്ത് ഹാജരാക്കണം. അപേക്ഷയിൽ നൽകിയ മാർക്കും ഹാജരാക്കുന്ന മാർക്കും തമ്മിൽ വ്യത്യാസം ഉണ്ടാവരുത്.
- പരീക്ഷാകേന്ദ്രം, സ്ഥലം, തീയ്യതി, സമയം, എന്നീ വിശദാംശങ്ങൾ ഹാൾ ടിക്കറ്റിൽ കാണിക്കുന്നതാണ്
- പരീക്ഷാകേന്ദ്രങ്ങൾ:- **തിരുവനന്തപുരം, എറണാകുളം, കോഴിക്കോട്, വയനാട്, തിരൂർ** എന്നിവിടങ്ങളിൽ ആയിരിക്കും
- **അപേക്ഷാ ഫീസ് :**

  **ഓരോ കോഴ്സിനും 450/- രൂപ വീതം**

  (പട്ടികജാതി/പട്ടികവർഗ്ഗ/ഭിന്നശേഷിയുള്ള അപേക്ഷകർക്ക് (പേഴ്സൺസ് വിത്ത് ഡിസെബിലിറ്റീസ് ആക്ട് അനുസരിച്ച്)

  **ഓരോ കോഴ്സിനും 225/- രൂപ വീതം**

  മലയാളസർവകലാശാലയുടെ അക്കൗണ്ടിലേക്ക് (അക്കൗണ്ട് നമ്പർ: **32709117532**, എസ്.ബി.ഐ. തിരൂർ ടൗൺ ശാഖ, IFS Code: **SBIN0008678**) **പണമടച്ച് ബാങ്കിൽ നിന്ന് ലഭിക്കുന്ന യു.ടി.ആർ./ജേർണൽ നമ്പർ ഉൾപ്പടെയുള്ള വിവരങ്ങൾ അപേക്ഷയിൽ നിർബന്ധമായും കാണിക്കണം.**
- അപേക്ഷാഫോറം www.malayalamuniversity.edu.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. **അപേക്ഷ ഓൺലൈനായി അയക്കാം.** അപേക്ഷകന്റെ ഫോട്ടോ, കൈയൊപ്പ് എന്നിവ സ്കാൻ ചെയ്ത് ചേർക്കേണ്ടതാണ്.
- അപേക്ഷാഫീസ് '**തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാല, തിരൂർ**' എന്ന പേരിൽ ഡിമാന്റ് ഡ്രാഫ്റ്റ് എടുത്ത് വെബ്സൈറ്റിൽ നിന്നും പ്രിന്റെടുത്ത അപേക്ഷ സഹിതം തപാൽ വഴിയും അയക്കാം.

  സർവകലാശാലയിൽ നേരിട്ട് ഫീസടച്ചും അപേക്ഷ സമർപ്പിക്കാവുന്നതാണ്.
- പ്രവേശനപ്പരീക്ഷക്ക് ഓരോ വിഷയത്തിനും ഒരു മണിക്കൂർ ദൈർഘ്യമുള്ള ഒബ്ജക്ടീവ് (വസ്തുനിഷ്ഠം) മാതൃകയിലും ഡിസ്ക്രിപ്റ്റീവ് (വിവരണാത്മകം) മാതൃകയിലുമുള്ള 50 മാർക്കിന്റെ ചോദ്യങ്ങൾ ഉണ്ടായിരിക്കും.
- അഭിരുചിപരീക്ഷയുടെ മാർക്കിന്റെ അടിസ്ഥാനത്തിലായിരിക്കും പ്രവേശനം. അഭിരുചിപരീക്ഷയിൽ 40% മാർക്കെങ്കിലും നേടിയാൽ മാത്രമേ റാങ്ക്ലിസ്റ്റിൽ ഉൾപ്പെടുകയുള്ളൂ. (എസ്.സി, എസ്.ടി, ഭിന്നശേഷി എന്നീ വിഭാഗങ്ങൾക്ക് 30% മാർക്ക് മതിയാകും)
- **പ്രവേശന പരീക്ഷാതിയ്യതി പിന്നീട് അറിയിക്കുന്നതാണ്.**

**അപേക്ഷ ലഭിക്കേണ്ട അവസാന തീയതി: 2023 മെയ് 31**

27/4/23

പരീക്ഷാകൺട്രോളർ ഇൻ ചാർജ്